# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3546** **20.10.2016 ൽ മറുപടിക്ക്**

**മേജർ വർക്കുകളുടെ ടെണ്ടർ കമ്മിറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിനു കീഴിലെ മേജർ വർക്കുകളുടെ എ.എസ്, ടി.എസ്, ടെന്റർ നടപടികളുൾപ്പെടെ പൂർത്തിയാക്കി സർക്കാർ അംഗീകാരത്തിനു സമർപ്പിച്ച നിരവധി കേസുകളിൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി (ജി.റ്റി.സി) അംഗീകാരം വൈകിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സാങ്കേതിക സ്കൂട്ടിനിക്ക് ശേഷം സാങ്കേതിക അനുമതി നല്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ കേസുകളിൽ വീണ്ടും സാങ്കേതിക സ്കൂട്ടിനിക്ക് തിരിച്ചയയ്ക്കുന്ന നടപടി ക്രമം നിലവിലുണ്ടോ; | (ബി) ടെണ്ടർ കമ്മിറ്റി അംഗീകരിക്കുന്ന കേസുകളുടെ ഉത്തരവാദിത്വം ടെണ്ടർ കമ്മിറ്റിയ്ക്ക് ആകയാൽ സാങ്കേതിക അനുമതിയിൽ അവ്യക്തതയോ സംശയമോ ഉണ്ടാകുന്ന സാഹചര്യ-ങ്ങളിൽ സാങ്കേതിക അനുമതിയിൽ വ്യക്തത വരുത്തുന്നതിന് പുനഃപരിശോധനയ്ക്കായി ടെണ്ടർ കമ്മിറ്റി നടപടി സ്വീകരിക്കാറുണ്ട്. |
| (സി) സെപ്റ്റംബർ 6-ാം തീയതി കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ഇത്തരം എത്ര കേസുകൾ പരിഗണിച്ചു;എത്ര കേസുകൾ പുന:പരിശോധനയ്ക്കായി തിരിച്ചയച്ചു; | (സി) സെപ്റ്റംബർ 6-ാം തീയതി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി കൂടിയിട്ടില്ല. |
| (ഡി) അനാവശ്യ കാലതാമസം മൂലം കോൺട്രാക്ടർ ജോലി ഉപേക്ഷിച്ചു പോകുന്ന സാഹചര്യത്തിൽ റിവിഷൻ നടത്തേണ്ടിവന്നാലുള്ള അധിക ചെലവിന്റെ ഉത്തരവാദിത്തം ആർക്കായിരിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വിശദ വിവരം നൽകുമോ? | (ഡി) ടെണ്ടർ കമ്മിറ്റി ടെണ്ടർ പരിശോധിച്ച് അംഗീകാരം നൽകുന്നതോടുകൂടി മാത്രമേ ടെണ്ടർ, കോൺട്രാക്ടർക്ക് ഉറപ്പാകുന്നുള്ളൂ. ആയതിനാൽ ചോദ്യം പ്രസക്തമല്ല. |

Emadev

**സെക്ഷൻ ഓഫീസർ**